103600/18/T-DHSE

# കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - എച്ച് എസ് എസ് റ്റി ജൂനിയർ തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനം - ഹൈസ്കൂൾ / യു.പി.സ്കൂൾ/ എൽ.പി. സ്കൂൾ അദ്ധ്യാപകർക്ക് നീക്കിവച്ചിരിക്കുന്ന 25% ക്വാട്ടയിലേക്ക് ലാബ് അസിസ്റ്റന്റ്/മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവർക്ക് സബ് ക്വാട്ട നിശ്ചയിച്ചുകൊണ്ടും നേരിട്ടുള്ള നിയമനരീതി അവലംബിച്ചിട്ടുള്ള തസ്തികകളിലേയ്ക്കുള്ള തസ്തികമാറ്റ നിയമനങ്ങളെല്ലാം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്താൻ അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

**സ.ഉ.(കൈ.)നം.296/2015/പൊവി തീയതി, തിരുവനന്തപുരം 01/12/2015**

---

പരാമർശം:- (1)16/04/2001-ലെ സ.ഉ (പി.) നം.144/2001/പൊവി.(SRO No. 410/2001 / G.Edn and SRO No.411/2001)

(2)ഹയർ സെക്കന്ററി ഡയറക്ടറുടെ 16/03/2013-ലെ എഡി.ബി2 8099/13/HSE നമ്പർ കത്ത്.

(3) ഹയർ സെക്കന്ററി ഡയറക്ടറുടെ 23/04/2013-ലെ എഡി.ബി3 14654/13/HSE നമ്പർ കത്ത്.

(4) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 11.03.2015, 27.07.2015 തീയതികളിലെ A V (2) 10555/2014/GW നമ്പർ കത്തുകൾ

## ഉത്തരവ്

പരാമർശം 1-ലെ കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് യഥാക്രമം എച്ച് എസ് എസ് റ്റി/എച്ച് എസ് എസ് റ്റി (ജൂനിയർ) തസ്തികകളിലേയ്ക്കുള്ള നിയമനം നടത്തിവരുന്നത്. ഹയർ സെക്കന്ററി വകുപ്പിലെ മൊത്തം ഹയർ സെക്കന്ററി അദ്ധ്യാപക (ജൂനിയർ) തസ്തികയുടെ 25% തസ്തികകൾ തസ്തികമാറ്റ നിയമനത്തിന് ഹൈസ്കൂൾ/യു.പി സ്കൂൾ/എൽ.പി സ്കൂൾ അദ്ധ്യാപകർക്കായി പൊതുവിൽ സംവരണം ചെയ്തിരിക്കുകയാണ്. എന്നാൽ യു. പി സ്കൂൾ/എൽ.പി. സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേകമായി ക്വാട്ട നിശ്ചയിക്കാത്തതിനാൽ യോഗ്യരായ എച്ച്.എസ്.എ മാരുടെ അഭാവത്തിൽ മാത്രമേ യു.പി.സ്കൂൾ /എൽ.പി.സ്കൂൾ അദ്ധ്യാപകർക്ക് ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപക തസ്തികയിലേയ്ക്ക് പരിഗണിക്കപ്പെടുകയുള്ളൂ എന്നതിനാൽ തസ്തികമാറ്റ നിയമനത്തിന്റെ ആനുകൂല്യം വളരെ പരിമിതമായി മാത്രമേ ലഭിക്കുന്നുള്ളൂ എന്നും പല തസ്തികകളിലും പേരിനു പോലും അവർ നിയമിക്കപ്പെടുന്നില്ല എന്നും അതിനാൽ 25% ക്വാട്ടയിൽ അവർക്ക് നിശ്ചിത ശതമാനം പ്രത്യേകമായി മാറ്റി വയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും അതു പോലെ തന്നെ ഹയർ സെക്കന്ററി മേഖലയിൽ യോഗ്യരായ ലാബ് അസിസ്റ്റന്റ്/മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരെക്കൂടി നിലവിലെ 25% സംവരണത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിരവധി നിവേദനങ്ങൾ സർക്കാരിനു ലഭിച്ചു.

(2) സ്പെഷ്യൽ റൂൾസിൽ ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപക തസ്തി... തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 25% തസ്തികകളിൽ ഹൈ... യു.പി.സ്കൂൾ/ എൽ.പി.സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേക സബ്ക്വാട്ട നിശ്ചയിച്ചിട്ടില്ലാത്തതി... യു.പി.സ്കൂൾ/ എൽ.പി.സ്കൂൾ അദ്ധ്യാപകർക്ക് തസ്തികമാറ്റ നിയമനത്തിന്റെ ആനുകൂല്യം വള... പരിമിതമാക്കി മാത്രമേ ലഭിക്കുന്നുള്ളൂ എന്ന സാഹചര്യം പരിഗണിച്ച് ഇപ്പോൾ ഹയ... സെക്കന്ററി ജൂനിയർ അദ്ധ്യാപക തസ്തികയിൽ തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 25% ക്വാട്ടയിലേയ്ക്ക് ഹൈസ്കൂൾ/ യു.പി.സ്കൂൾ/ എൽ.പി.സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേക സബ്ക്വാട്ട നിശ്ചയിക്കാവുന്നതാണെന്നും ഹയർ സെക്കന്ററി വകുപ്പിലെ യോഗ്യരായ ലാബ് അസിസ്റ്റന്റ് /മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരെക്കൂടി ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപക തസ്തികയിലേക്ക് തസ്തികമാറ്റ നിയമനത്തിനായി ഉൾപ്പെടുത്താവുന്നതാണെന്നും ഹയർ സെക്കന്ററി ഡയറക്ടർ പരാമർശം (2), (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ഹൈസ്കൂൾ/ യു.പി.സ്കൂൾ/ എൽ.പി.സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേകം സബ്ക്വാട്ട നിശ്ചയിച്ചിട്ടില്ലാത്തിതിനാലും തസ്തികമാറ്റ നിയമനത്തിന് ലാബ് അസിസ്റ്റന്റ്/മിനിസ്റ്റീരിയൽ സ്റ്റാഫിനേയും ഉൾപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തതിനാലും സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. എന്നാൽ സ്പെഷ്യൽ റൂൾ ഭേദഗതി പലഘട്ടത്തിലൂടെ കടന്നുപോകുന്ന പ്രക്രിയ ആയതിനാലും കാലതാമസം ഉണ്ടാകുമെന്നതിനാലും സ്പഷ്ടവും വിശദവുമായ എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുന്ന കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടുകയുണ്ടായി. എന്നാൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തണമെന്ന നിലപാടിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉറച്ചു നിൽക്കുകയുണ്ടായി.

(3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു സ്പെഷ്യൽ റൂൾ ഭേദഗതി പല ഘട്ടങ്ങലിലൂടെ കടന്നുപോകുന്ന പ്രക്രിയ ആയതിനാൽ വലിയ കാലതാമസത്തിന് ഇടയാക്കുമെന്നതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തെ മറികടന്നുകൊണ്ട് ഹയർ സെക്കന്ററി ജൂനിയർ അധ്യാപകതസ്തികയിലേക്കുള്ള 25% തസ്തികമാറ്റ നിയമനങ്ങൾ താഴെപ്പറയുന്ന രീതിയിൽ നിയമനം നടത്തുന്നതിന് ഉത്തരവാകുന്നു.

(4)എച്ച്എസ്എസ് റ്റി (ജൂനിയർ) തസ്തികയിലേക്കുള്ള 25% തസ്തികമാറ്റ നിയമന ക്വാട്ടയിലെ എച്ച്എസ്എ, യുപിഎസ്എ/എൽപിഎസ്എ, ലാബ്അസിസ്റ്റന്റ് & മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നീ വിഭാഗങ്ങൾക്ക് യഥാക്രമം 70:20:10 എന്ന അനുപാതത്തിൽ സബ് ക്വാട്ട അനുവദിക്കും. തസ്തികമാറ്റ നിയമനത്തിൽ ലാബ്അസിസ്റ്റന്റുമാരും മിനിസ്റ്റീരിയൽ സ്റ്റാഫും തമ്മിലുള്ള അനുപാതം 1:1 ആയിരിക്കും. ഒരു വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം ഒഴിവുകൾ മറ്റു വിഭാഗത്തിൽനിന്നും നികത്തുന്നതായിരിക്കും.

(5) ഹയർ സെക്കന്ററി വകുപ്പിലെ നേരിട്ടുള്ള നിയമനരീതി അവലംബിച്ചിട്ടുള്ള തസ്തികകളിലെ 01.01.2016 മുതലുണ്ടാകുന്ന ഒഴിവുകളിലേയ്ക്കുള്ള എല്ലാ തസ്തികമാറ്റ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**വി.എസ്. സെന്തിൽ,**
**ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.**

ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും(ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ,കേരളം , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ,കേരളം , തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ് &ന്യൂ മീഡിയ, തിരുവനന്തപുരം (ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
പൊതുഭരണ വകുപ്പ് (എസ് .സി) വകുപ്പ് (28.10.2015-ലെ ഇനം.നം. 7635 പ്രകാരം)
പൊതുവിദ്യാഭ്യാസ (റ്റി/എസ് സി) വകുപ്പ്.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (21/03/2014-ലെ 5765/B3/2014/P&ARD പ്രകാരം)
ധനകാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.

41395
Ad B2

# കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ എച്ച് എസ് എസ് റ്റി ജൂനിയർ തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനം - ഹൈസ്കൂൾ / യു.പി.സ്കൂൾ/ എൽ.പി. സ്കൂൾ അദ്ധ്യാപകർക്ക് നീക്കിവച്ചിരിക്കുന്ന 25% ക്വാട്ടയിലേക്ക് ലാബ് അസിസ്റ്റന്റ്/മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവർക്ക് സബ് ക്വാട്ട നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

**പൊതു വിദ്യാഭ്യാസ (യു) വകുപ്പ്**

സ.ഉ.(പി)നം.144/2016/പൊവി　　　　　തീയതി, തിരുവനന്തപുരം 26/08/2016

---

പരാമർശം:- 1) 16/04/2001-ലെ സ.ഉ (പി.) നം.144/2001/പൊവി.(SRO No. 410/2001 and SRO No.411/2001)
2) 01/12/2015-ലെ സ.ഉ.(കൈ.) നം.296/15/പൊവി നമ്പർ ഉത്തരവ്.
3) ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 17/12/2015-ലെ ബി2/ 73973/എച്ച്.എസ്.ഇ /15 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1)-ലെ കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് യഥാക്രമം എച്ച് എസ് എസ് റ്റി/എച്ച് എസ് എസ് റ്റി (ജൂനിയർ) തസ്തികകളിലേയ്ക്കുള്ള നിയമനം നടത്തിവരുന്നത്. ഹയർ സെക്കന്ററി വകുപ്പിലെ മൊത്തം ഹയർ സെക്കന്ററി അദ്ധ്യാപക (ജൂനിയർ) തസ്തികയുടെ 25% തസ്തികകൾ തസ്തികമാറ്റ നിയമനത്തിന് ഹൈസ്കൂൾ/യു.പി സ്കൂൾ/എൽ.പി സ്കൂൾ അദ്ധ്യാപകർക്കായി പൊതുവിൽ സംവരണം ചെയ്തിരിക്കുകയാണ്. എന്നാൽ യു. പി സ്കൂൾ/എൽ.പി. സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേകമായി ക്വാട്ട നിശ്ചയിക്കാത്തതിനാൽ യോഗ്യരായ എച്ച്.എസ്.എ മാരുടെ അഭാവത്തിൽ മാത്രമേ യു.പി.സ്കൂൾ /എൽ.പി.സ്കൂൾ അദ്ധ്യാപകർ ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപക തസ്തികയിലേയ്ക്ക് പരിഗണിക്കപ്പെടുകയുള്ളൂ എന്നതിനാൽ തസ്തികമാറ്റ നിയമനത്തിന്റെ ആനുകൂല്യം വളരെ പരിമിതമായി മാത്രമേ ലഭിക്കുന്നുള്ളൂ എന്നും ഈ തസ്തികകളിലും പേരിനു പോലും അവർ നിയമിക്കപ്പെടുന്നില്ലെന്നും, അതിനാൽ 25% ക്വാട്ടയിൽ അവർക്ക് നിശ്ചിത ശതമാനം പ്രത്യേകമായി മാറ്റി വയ്ക്കണമെന്നും ടി അദ്ധ്യാപകർ ആവശ്യപ്പെട്ടിട്ടുണ്ട്. അതു പോലെ തന്നെ ഹയർ സെക്കന്ററി മേഖലയിൽ യോഗ്യരായ ലാബ് അസിസ്റ്റന്റ്/മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരെക്കൂടി നിലവിലെ 25% സംവരണത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിരവധി നിവേദനങ്ങൾ സർക്കാരിനു ലഭിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഹയർ സെക്കന്ററി ജൂനിയർ അധ്യാപകതസ്തികയിലേക്കുള്ള 25% തസ്തികമാറ്റ നിയമന ക്വാട്ടയിൽ എച്ച്എസ്എ, യുപിഎസ്എ/എൽപിഎസ്എ, ലാബ്അസിസ്റ്റന്റ് & മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നീ വിഭാഗങ്ങൾക്ക് യഥാക്രമം 70:20:10 എന്ന അനുപാതത്തിൽ സബ് ക്വാട്ട അനുവദിച്ചും, തസ്തികമാറ്റ നിയമനത്തിൽ ലാബ്അസിസ്റ്റന്റുമാരും മിനിസ്റ്റീരിയൽ സ്റ്റാഫും തമ്മിലുള്ള അനുപാതം 1:1 എന്ന് നിശ്ചയിച്ചും ഒരു വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം, ഒഴിവുകൾ മറ്റു വിഭാഗത്തിൽനിന്നും നികത്തുന്നതായിരിക്കും എന്ന് വ്യവസ്ഥ ചെയ്തും ഹയർ സെക്കന്ററി വകുപ്പിലെ നേരിട്ടുള്ള നിയമനരീതി അവലംബിച്ചിട്ടുള്ള തസ്തികകളിലെ 01.01.2016 മുതലുണ്ടാകുന്ന ഒഴിവുകളിലേയ്ക്കുള്ള എല്ലാ തസ്തികമാറ്റ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതായിരിക്കും എന്ന് വ്യവസ്ഥ ചെയ്തുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

(3) എന്നാൽ 30.11.2011 വരെയുള്ള ഒഴിവുകളിലേക്കാണ് എച്ച്.എസ്.എ/യു.പി.എസ്.എ/ എൽ.പി.എസ്.എ മാരുടെ തസ്തികമാറ്റ നിയമനം ഹയർസെക്കന്ററി വകുപ്പിൽ ഇതുവരെ നടന്നിട്ടുള്ളതെന്നും, ആയതിനാൽ 01.12.2011 മുതൽ 31.12.2015 വരെയുള്ള കാലയളവിലെ ഒഴിവുകളിലേക്ക് പരാമർശം (2)-ലെ ഉത്തരവ് ബാധകമാക്കി മിനിസ്റ്റീരിയൽ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തണമെന്ന് ടി ജീവനക്കാർ അപേക്ഷിച്ചിട്ടുള്ളതായും, ഒരു വിഷയത്തിൽ 100 ഒഴിവുകൾ ഉണ്ടാകുമ്പോഴാണ് ഒരു മിനിസ്റ്റീരിയൽ ജീവനക്കാരന് നിയമനം ലഭിക്കുന്നത് എന്നും, സംസ്ഥാന സർവ്വീസിലെ തസ്തികകൾ തമ്മിലുള്ള ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ ഒന്നാമതായി എച്ച്.എസ്.എ രണ്ടാമതായി യു.പി.എസ്.എ/എൽ.പി.എസ്.എ മൂന്നാമതായി മിനിസ്റ്റീരിയൽ ജീവനക്കാർ നാലാമതായി ലാബ് അസിസ്റ്റന്റുമാർ എന്ന രീതിയിൽ പരാമർശം (2) -ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് മിനിസ്റ്റീരിയൽ ജീവനക്കാർ അപേക്ഷിച്ചിട്ടുള്ളതായും ഹയർസെക്കന്ററി ഡയറക്ടർ പരാമർശം- 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമനം നടത്തുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നും, ബൈട്രാൻസ്ഫർ നിയമനത്തിന് കൂടുതൽ വിഭാഗങ്ങൾക്ക് അവസരം ഒരുക്കിയതിനാൽ ടി വിഭാഗങ്ങളുടെ നിയമനം സംബന്ധിച്ച് ഒരു റൊട്ടേഷൻ ചാർട്ടു കൂടി ഉൾപ്പെടുത്തുന്നത് അഭികാമ്യം ആയിരിക്കും എന്നും ഹയർസെക്കന്ററി ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി. മേൽപ്പറഞ്ഞ സാഹചര്യത്തിൽ സർക്കാർ മേഖലയിലെ ഹയർസെക്കന്ററി സ്കൂളുകളിലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിലേക്കുള്ള 25% തസ്തികമാറ്റ നിയമനം സംബന്ധിച്ച പരാമർശം (2)-ലെ സർക്കാർ ഉത്തരവ് താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

1)വിവിധ വിഭാഗങ്ങൾക്ക് സബ് ക്വാട്ട നിശ്ചയിച്ച പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ ലാബ് അസിസ്റ്റന്റ് / മിനിസ്റ്റീരിയൽ സ്റ്റാഫ് എന്ന ക്രമം മിനിസ്റ്റീരിയൽ സ്റ്റാഫ്/ ലാബ് അസിസ്റ്റന്റ് എന്ന ക്രമത്തിലായിരിക്കും.

2) 25% തസ്തികമാറ്റ നിയമന ക്വാട്ട എച്ച്.എസ്.എ, യു.പി.എസ്.എ/ എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നിവർക്ക് യഥാക്രമം 70 : 20 : 5 : 5 എന്ന രീതിയിൽ, 20 തസ്തികകൾ ഉൾപ്പെടുന്ന ഒരു ഗ്രൂപ്പിന് താഴെപ്പറയുന്ന

റൊട്ടേഷൻ അനുസരിച്ചായിരിക്കണം നിയമനം നടത്തേണ്ടത്. കൂടാതെ അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന യു പിഎസ്എ/എൽപിഎസ് എ, മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നിവർ അദ്ധ്യാപന വൈദഗ്ദ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി SCERT മുഖേന ഒരു പ്രത്യേക ട്രെയ്നിംഗ് പ്രോഗ്രാമിന് വിധേയമാകേണ്ടതാണ്.

| Vacancies | Allotted Category |
|---|---|
| 1,2,3 | HSA |
| 4 | UPSA/LPSA |
| 5 | Ministerial Staff |
| 6,7 | HSA |
| 8 | UPSA/LPSA |
| 9,10 | HSA |
| 11 | Lab Assistant |
| 12,13 | HSA |
| 14 | UPSA/LPSA |
| 15,16,17 | HSA |
| 18 | UPSA/LPSA |
| 19,20 | HSA |

3) തസ്തികമാറ്റ നിയമനങ്ങൾ സംബന്ധിച്ച മേൽ പറഞ്ഞ ഭേദഗതികൾ ഉൾപ്പെടുത്തി പരാമർശം (1)-ലെ കേരള ഹയർ സെക്കന്ററി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, സബോഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവ ഭേദഗതി ചെയ്യുന്നതിന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ആവശ്യമായ നിർദ്ദേശം സമർപ്പിക്കേണ്ടതാണ്.

4) മേൽ ഭേദഗതികളോടെ പരാമർശം (2) -ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.പി.എം.മുഹമ്മദ് ഹനീഷ്**
ഗവൺമെന്റ് സെക്രട്ടറി.

ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും(ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം മുഖാന്തിരം)

3+

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ,കേരളം , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ,കേരളം , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ,കേരളം , തിരുവനന്തപുരം:
ഇൻഫർമേഷൻ ആഫീസർ, വെബ് &ന്യൂ മീഡിയ, തിരുവനന്തപുരം (ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)

പൊതുഭരണ വകുപ്പ് (എസ് .സി) വകുപ്പ് (17/02/2016-ലെ ഇനം.നം. 8313 പ്രകാരം)

പൊതുവിദ്യാഭ്യാസ (റ്റി/എസ് സി) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

117848/18/T-DHSE

**കേരള സർക്കാർ**

നം.69366/യു1/15/പൊവി

പൊതുവിദ്യാഭ്യാസ (യു) വകുപ്പ്,
തിരുവനന്തപുരം,
തീയതി, 08/06/2018.

സെക്രട്ടറി

ഡയറക്ടർ,
ഹയർ സെക്കന്ററി വിദ്യാഭ്യാസം,
തിരുവനന്തപുരം.

സർ,

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - ജീവനക്കാര്യം ഹയർ സെക്കന്ററി അധ്യാപകരുടെ തസ്തികമാറ്റ നിയമനം - സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:
1. 16.04.2001-ലെ സ.ഉ(പി) നം.144/2001/പൊവി (SRO No. 410/2001 & 411/2001)
2. 01.12.2015-ലെ സ.ഉ(കൈ) നം.296/2015/പൊവി നമ്പർ ഉത്തരവ്.
3. 26.08.2016-ലെ സ.ഉ(പി) നം.144/2006/പൊവി നമ്പർ ഉത്തരവ്.
4. താങ്കളുടെ 20.04.2018-ലെ എഡി.ബി2/83875/എച്ച്.എസ്.ഇ/2017 നമ്പർ കത്ത്.

ഹയർ സെക്കന്ററി ജൂനിയർ അധ്യാപക തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനായി HSA/UPSA/LPSA-മാർക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം നീക്കിവച്ചിരുന്ന 25% ഒഴിവുകളിലേയ്ക്ക് ലാബ് അസിസ്റ്റന്റുമാർ/മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവർക്ക് സബ്‌കോട്ട നൽകിക്കൊണ്ട് പുറപ്പെടുവിച്ച സൂചന 2-ലേയും റൊട്ടേഷൻ സമ്പ്രദായം നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച സൂചന 3-ലേയും സർക്കാർ ഉത്തരവുകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 2-ലെ ഉത്തരവിൽ ഹയർ സെക്കന്ററി ജൂനിയർ തസ്തികയിലെ ഒഴിവുകൾ ഉൾപ്പെടെ ഹയർ സെക്കന്ററി വകുപ്പിൽ നേരിട്ടുള്ള നിയമനരീതി അവലംബിക്കുന്ന തസ്തികകളിലെ 01.01.2016 മുതലുള്ള എല്ലാ തസ്തികമാറ്റ നിയമനങ്ങളും പി.എസ്.സി മുഖേന നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. എന്നാൽ സീനിയർ തസ്തികയിലെ ഒഴിവുകളിൽ തസ്തികമാറ്റ നിയമനം നടത്തുന്നത് സംബന്ധിച്ച് ടി ഉത്തരവിൽ പ്രതിപാദിച്ചിരുന്നില്ല. സ്പെഷ്യൽ റൂൾസ് പ്രകാരം യോഗ്യരായ ജൂനിയർ അധ്യാപകർ ഇല്ലാത്ത സാഹചര്യത്തിൽ സീനിയർ തസ്തികയിലെ ഒഴിവുകൾ 1:3 എന്ന അനുപാതത്തിൽ തസ്തികമാറ്റ നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനുമായി മാറ്റിവയ്ക്കേണ്ടതുണ്ട്. ഹയർ സെക്കന്ററി വകുപ്പിൽ നേരിട്ടുള്ള നിയമനരീതി അവലംബിക്കുന്ന തസ്തികകളിലെ 01.01.2016 മുതലുള്ള എല്ലാ തസ്തികമാറ്റ നിയമനങ്ങളും (ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ജൂനിയർ

തസ്തിക ഉൾപ്പെടെ) പി.എസ്.സി മുഖേന നടത്തുന്നതിന് ഉത്തരവായിട്ടുള്ള സാഹചര്യത്തി. നേരിട്ടുള്ള നിയമനത്തിന് ആനുപാതികമായി HSA/UPSA/LPSA/LAb Asst/Ministerial Staff എന്നിവർക്കായി മാറ്റിവയ്ക്കപ്പെടുന്ന സീനിയർ തസ്തികയിലെ നിയമനങ്ങളും പി.എസ്.സി മുഖേന നടത്തേണ്ടതാണെന്ന വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,
**എം.എം. മുഹമ്മദ് ഹനീഫ,**
അണ്ടർ സെക്രട്ടറി,
ഗവൺമെന്റ് സെക്രട്ടറിക്കുവേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഹയർ സെക്കണ്ടറി വിദ്യാഭ്യാസം-ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികകളിലേയ്ക്കുള്ള തസ്തികമാറ്റ നിയമനം - എച്ച്.എസ്.എ, യു.പി.എസ്.എ. / എൽ.പി.എസ്.എ./മിനിസ്റ്റീരിയൽ സ്റ്റാഫ്/ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങൾക്ക് ക്വാട്ട നിശ്ചയിച്ച് നല്കിയതനുസരിച്ച് ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ.(അച്ചടി) നം.2/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 30/01/2021**

---

പരാമർശം:- 1 16/04/2001-ലെ സ.ഉ (പി.) നം. 144/2001/പൊവി.(SRO No. 410/2001 and SRO No.411/2001)

2 01/12/2015 -ലെ സ.ഉ.(കൈ) നം.296/15/പൊ.വി.വ നമ്പർ ഉത്തരവ്.

3 26/08/2016-ലെ സ.ഉ.(പി) നം.144/2016/പൊ.വി.വ

4. നിയമസഭാ സെക്രട്ടറിയുടെ 15/1/2021 ലെ 5047/സബ്.സി.ഇ1/2019/നി.സെ നം. കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1)-ലെ കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് യഥാക്രമം എച്ച്.എസ്.എസ്.റ്റി. , എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികകളിലേയ്ക്കുള്ള നിയമനം നടത്തിവരുന്നത്.ഹയർസെക്കന്ററി വകുപ്പിലെ മൊത്തം ഹയർസെക്കന്ററി അദ്ധ്യാപക(ജൂനിയർ) തസ്തികയുടെ 25% തസ്തികകൾ തസ്തികമാറ്റ നിയനത്തിന് ഹൈസ്കൂൾ, യു.പി.സ്കൂൾ./എൽ.പി.സ്കൂൾ അദ്ധ്യാപകർക്കായി പൊതുവിൽ സംവരണം ചെയ്തിരിക്കുകയാണ്.എന്നാൽ യു.പി.സ്കൂൾ./എൽ.പി.സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേകമായി

ക്വാട്ട നിശ്ചയിച്ചിരുന്നില്ല.ക്വാട്ട നിശ്ചയിക്കാത്തതിനാൽ യോഗ്യരായ എച്ച് എസ് എ മാരുടെ അഭാവത്തിൽ മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ എന്നുള്ളതുകൊണ്ട് 25% തസ്തികമാറ്റ നിയമന ക്വാട്ടയിൽ നിശ്ചിത ശതമാനം പ്രത്യേകമായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും , അത് പോലെ, യോഗ്യരായ ലാബ് അസിസ്റ്റന്റ് / മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നീ വിഭാഗങ്ങളെ കൂടി 25% തസ്തികമാറ്റ നിയമന ക്വാട്ടയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കൊണ്ടും നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിരുന്നു.

2) തുടർന്ന്, ഹയർ സെക്കന്ററി ജൂനിയർ അധ്യാപക തസ്തികയിലേക്കുള്ള 25% തസ്തികമാറ്റ നിയമനങ്ങൾ താഴെപ്പറയുന്ന രീതിയിൽ നിയമനം നടത്തുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായി:-

*(i) എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിലേക്കുള്ള 25% തസ്തികമാറ്റ നിയമന ക്വാട്ടയിലെ എച്ച്.എസ്.എ, യു.പി.എസ്.എ./എൽ.പി.എസ്.എ., ലാബ് അസിസ്റ്റന്റ് & മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നീ വിഭാഗങ്ങൾക്ക് യഥാക്രമം 70:20:10 എന്ന അനുപാതത്തിൽ സബ് ക്വാട്ട അനുവദിക്കും. തസ്തികമാറ്റ നിയമനത്തിൽ ലാബ് അസിസ്റ്റന്റുമാരും മിനിസ്റ്റീരിയൽ സ്റ്റാഫും തമ്മിലുള്ള അനുപാതം 1 : 1 ആയിരിക്കും. ഒരു വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം ഒഴിവുകൾ മറ്റ വിഭാഗത്തിൽ നിന്നും നികത്തുന്നതായിരിക്കും.*

*(ii) ഹയർ സെക്കന്ററി വകുപ്പിലെ നേരിട്ടുള്ള നിയമനരീതി അവലംബിച്ചിട്ടുള്ള തസ്തികകളിലെ 01.01.2016 മുതലുണ്ടാകുന്ന ഒഴിവുകളിലേയ്ക്കുള്ള എല്ലാ തസ്തികമാറ്റ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതായിരിക്കും.*

3) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിലെ ഭരണപരമായ അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് താഴെ പറയുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ആയത് പരാമർശം (3) പ്രകാരം ഭേദഗതി ചെയ്യുകയുണ്ടായി:-

1. *വിവിധ വിഭാഗങ്ങൾക്ക് സബ് ക്വാട്ട നിശ്ചയിച്ച പരാമർശം ( 2 ) സർക്കാർ ഉത്തരവിലെ ലാബ് അസിസ്റ്റന്റ് ,മിനിസ്റ്റീരിയൽ സ്റ്റാഫ് എന്ന ക്രമം മിനിസ്റ്റീരിയൽ സ്റ്റാഫ് , ലാബ് അസിസ്റ്റന്റ് എന്ന ക്രമത്തിലായിരിക്കും.*
2. *25 % തസ്തികമാറ്റ നിയമന ക്വാട്ട എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നിവർക്ക് യഥാക്രമം 70:20:5:5 എന്ന രീതിയിൽ ആയിരിക്കണം നിയമനം നടത്തേണ്ടത്.*

4) എന്നാൽ, മേൽ ഉത്തരവുകൾക്ക് അനുസൃതമായ ഭേദഗതി ഹയർ സെക്കന്ററി സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ വരുത്തുന്നതിൽ കാലവിളംബം ഉണ്ടാകുകയും തന്മൂലം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ബൈ- ട്രാൻസ്ഫർ നിയമനങ്ങൾക്ക് തടസ്സം നേരിടുകയും വകുപ്പിൽ മേൽ തസ്തികകൾ നികത്താതെ തുടരുന്ന അവസ്ഥ സംജാതമാകുകയും ചെയ്തു. ഈ വിഷയം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങളും സർക്കാരിന് ലഭിക്കുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹയർ സെക്കണ്ടറി സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ മേല്പറഞ്ഞ ഉത്തരവുകൾക്ക് അനുസൃതമായ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാൽ ഹയർ സെക്കന്ററി ജൂനിയർ അധ്യാപക തസ്തികയിലേക്കുള്ള ബൈ-ട്രാൻസ്ഫർ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിന് സാദ്ധ്യമല്ലാതെ തുടരുന്ന സാഹചര്യത്തിൽ, പ്രസ്തുത ഒഴിവുകൾ എത്രയും വേഗം നികത്തുന്നതിലുള്ള അക്കാദമിക താല്പര്യങ്ങൾ കണക്കിലെടുത്ത്, 28.12.2020 വരെയുള്ള ഒഴിവുകളിലേയ്ക്കുള്ള

ബൈ-ട്രാൻസ്ഫർ നിയമനങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നടത്തുന്നതിന് ഉത്തരവാകുന്നു. 28.12.2020-ന് ശേഷം സംജാതമാകുന്ന ബൈ-ട്രാൻസ്ഫർ നിയമനത്തിനുള്ള ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും ഉത്തരവാകുന്നു.

6) മേൽ പറഞ്ഞ ഉത്തരവുകൾക്ക് അനുസൃതമായി പരാമർശം (1)-ലെ കേരള ഹയർ സെക്കന്ററി എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

7) മേൽ ഭേദഗതികളോടെ പരാമർശം (2), (3) എന്നീ സർക്കാർ ഉത്തരവുകൾ നിലനില്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എ.ഷാജഹാൻ**
**സെക്രട്ടറി**

പകർപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക്ക സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഡയറക്ടർ,, ഹയർ സെക്കന്ററി വിദ്യാഭ്യാസം , തിരുവനന്തപുരം മുഖാന്തിരം)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( /ജെ3/144/2020/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by PARVATHY S A
Date: 2021.01.30 11:19:43 IST
Reason: Approved

സെക്ഷൻ ഓഫീസർ